**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6251** **10-07-2024 - ൽ മറുപടിയ്ക്ക്**

**വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചുണ്ടാകുന്ന മരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചുണ്ടാകുന്ന മരണങ്ങൾ തുടർക്കഥയാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ജനവാസ മേഖലയിൽ ഇറങ്ങുന്ന വന്യമൃഗങ്ങൾ അവിചാരിതമായി വാഹനങ്ങളുമായി കൂട്ടിയിടിച്ചുണ്ടാകുന്ന ഒറ്റപ്പെട്ട അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ഗൗരവത്തോടെ കാണുന്നുണ്ട്. |
| (ബി) | മലപ്പുറം എടവണ്ണയിൽ കുറുകെച്ചാടിയ കാട്ടുപന്നിയെ ഇടിച്ച് സ്കൂട്ടർ മറിഞ്ഞുണ്ടായ അപകടത്തിൽ അരീക്കോട് സ്വദേശി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ജനവാസ മേഖലയിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിലും, വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചും ആളുകൾ മരണപ്പെടുന്നതു തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ജനവാസ മേഖലയിൽ വന്യമൃഗ സംഘർഷത്തിലും വന്യമൃഗങ്ങൾ വാഹനങ്ങളിൽ ഇടിച്ചും അപകടങ്ങളുണ്ടാകുന്നതും ആളുകൾ മരണപ്പെടുന്നതും തടയുന്നതിനായി മനുഷ്യ-വന്യമൃഗ സംഘർഷ സാധ്യതയുള്ള പ്രദേശങ്ങളിൽ ജനവാസമേഖലയോട് ചേർന്ന വനാതിർത്തികളിൽ സൗരോർജ്ജവേലികൾ, ക്രാഷ്ഗാർഡ് റോപ്പ് വേലികൾ, സൗരോർജ്ജ് തൂക്കുവേലികൾ, കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ എന്നിവ നിർമ്മിച്ചു പരിപാലിച്ചു വരുന്നു. ഇത്തരം മേഖലകളിൽ ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായതുൾപ്പെടെ നിരന്തരമായ നിരീക്ഷണവും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പട്രോളിംഗും നടത്തിവരുന്നു. വനസംരക്ഷണ സമിതികളിലൂടെയും ജനജാഗ്രതാ സമിതികളിലൂടെയും മുന്നറിയിപ്പുകളും ബോധവൽക്കരണവും പൊതുജന പങ്കാളിത്തത്തോടെ നടത്തിവരുന്നു. കാടിറങ്ങി ജനവാസമേഖലകളിലേക്കെത്തുന്ന വന്യമൃഗങ്ങളെ സുരക്ഷിതവും ശാസ്ത്രീയവുമായ രീതിയിൽ വനത്തിലേക്ക് തിരികെ അയയ്ക്കുകയും ചെയ്തുവരുന്നു. മനുഷ്യ-വന്യമൃഗ സംഘർഷം കൂടുതലായുള്ള പ്രദേശങ്ങളിൽ ആർ.ആർ.റ്റി .കളെ വിന്യസിച്ചും |

| | | | |
|---|---|---|---|
| | | | പ്രത്യേക വാച്ചർമാരെ നിയോഗിച്ചും സംഘർഷസാധ്യത ലഘൂകരിച്ചുവരുന്നു.<br>വനമേഖലകളിൽ അമിത വേഗതയിൽ വാഹനമോടിച്ചുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ വനമേഖലകളിലെ വേഗപരിധി മണിക്കൂറിൽ 30 കി.മീ. ആയി പരിമിതപ്പെടുത്തിയിട്ടുണ്ട്. വനമേഖലയിലെ റോഡുകളിൽ ഇത് വ്യക്തമാക്കിക്കൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇത്തരം റോഡുകളിൽ വേഗപരിധി ലംഘിച്ചാൽ 1972 ലെ വന്യജീവി (സംരക്ഷണ) നിയമ പ്രകാരം കുറ്റകൃത്യമായി കണക്കാക്കി നിയമനടപടികൾ സ്വീകരിക്കുമെന്ന മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ചെക്ക് പോസ്റ്റുകളിലൂടെ കടന്നു പോകുന്ന വാഹനങ്ങളിലെ ഡ്രൈവർമാർക്കും യാത്രികർക്കും വനമേഖലയിലെ റോഡുകളിലൂടെ മിതമായ വേഗതയിൽ സഞ്ചരിക്കേണ്ട പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം വനം വകുപ്പ് ഉദ്യോഗസ്ഥർ നൽകിവരുന്നുണ്ട്. അമിതവേഗത വാഹനങ്ങൾക്കും യാത്രക്കാർക്കും എന്നതുപോലെ വന്യജീവികൾക്കും അപകടങ്ങൾ സൃഷ്ടിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ